**സബ്മിഷൻ**

## സ്റ്റാഫ് പാറ്റേൺ

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല):സർ, കേരളത്തിലെ ഏറ്റവും ശോചനീയമായ മെഡിക്കൽ കോളേജാണ് ആലപ്പുഴ മെഡിക്കൽ കോളേജ്. അവിടെ ഒരു വിഭാഗത്തിലും മതിയായ ഡോക്ടർമാരില്ലാത്ത അവസ്ഥയാണ്. അത്യാസന്ന നിലയിൽ പ്രവേശിപ്പിക്കപ്പെടുന്ന രോഗികളെ പരിശോധിക്കുന്നതിനും ഡോക്ടർമാരില്ല. തീവ്രപരിചരണ വിഭാഗത്തിലുണ്ടാകേണ്ട വിദഗ്ധ ഡോക്ടർമാരും അനസ്തേഷ്യ നൽകുന്ന ഡോക്ടർമാരുമില്ലാത്തതിനാൽ അത്യാസന്ന നിലയിൽ പ്രവേശിപ്പിക്കുന്ന രോഗികളെ മറ്റ് ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യേണ്ട സ്ഥിതിയാണ് ഇപ്പോഴുള്ളത്. അതോടൊപ്പം തന്നെ വിവിധ വിഭാഗങ്ങളിലായി 76 ഡോക്ടർമാരുടെയും 150 അറ്റൻഡർ ഗ്രേഡ് I, 100 അറ്റൻഡർ ഗ്രേഡ് II ഒഴിവുകളും ക്ലീനിംഗ് സ്റ്റാഫിന്റെ 125 ഒഴിവുകളും നിലവിലുണ്ട്. ഇതോടൊപ്പം ന്യൂറോ സർജറി, ന്യൂറോ മെഡിസിൻ എന്നീ വിഭാഗങ്ങളിൽ ഐ.സി.യു.-വിൽ ബെഡ്ഡുകളുടെ എണ്ണം വർദ്ധിപ്പിക്കാത്തതും ഈ മെഡിക്കൽ കോളേജിനെ ആശ്രയിക്കുന്ന രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഒ.പി. വിഭാഗവും ലാബ്

വിഭാഗവും ഒരേ നിലയിൽതന്നെ പ്രവർത്തിക്കുകയാണെങ്കിൽ രോഗികൾക്കും അവരുടെ കൂടെ എത്തുന്നവർക്കുമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ കഴിയും. അത്യാഹിത വിഭാഗം കൂടുതൽ വിപുലമായ സൗകര്യങ്ങളോടെ പ്രവർത്തിപ്പിക്കേണ്ടതാണ്. മാത്രമല്ല പേവാർഡ് നിർമ്മിക്കുകയെന്നത് നാളുകളായുള്ള ആവശ്യമാണ്. ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപ അനുവദിച്ചെങ്കിലും ഇതുവരെ നിർമ്മാണം നടന്നിട്ടില്ല. സി.ടി. സ്കാൻ മെഷീൻ പലപ്പോഴും പ്രവർത്തനരഹിതമാണ്. പുതിയ സി.ടി. സ്കാൻ മെഷീൻ വാങ്ങുന്നതിന് പർച്ചേസ് ഓർഡർ നൽകിയെങ്കിലും സാങ്കേതിക കാരണങ്ങളാൽ വാങ്ങാൻ സാധിച്ചിട്ടില്ല. HLL-ന്റെ MRI സ്കാൻ മെഷീൻ മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്. 16 ലിഫ്റ്റുകളുണ്ടെങ്കിലും ലിഫ്റ്റ് ഓപ്പറേറ്റർമാരില്ലാത്തതിനാൽ അവ പ്രവർത്തിക്കുന്നില്ല. ഗൈനക് വാർഡിൽ 25 രോഗികൾ ഇപ്പോഴും തറയിലാണ് കിടക്കുന്നത്. അവിടെ കൂടുതൽ ബെഡ്ഡുകളേർപ്പെടുത്തിയിട്ടില്ല. സെക്യൂരിറ്റി ജീവനക്കാരുടെ ദിവസ ശമ്പളം 368 രൂപയാണ്. മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിൽ ഇത്തരം ജീവനക്കാർക്ക് പ്രതിവർഷം 1500 രൂപ യൂണിഫോം അലവൻസ് ലഭിക്കാറുണ്ട്. നിരവധി ബാലാരിഷ്ടതകളാണ് ഈ

മെഡിക്കൽ കോളേജിനുള്ളത്. ആശുപത്രി വികസന സമിതിയുടെ ജനറൽ ബോഡി യോഗം അവസാനമായി ചേർന്നത് 2016 ഫെബ്രുവരിയിലാണ്. അതിനുശേഷം ജനറൽ ബോഡി യോഗം ചേരാത്തത് മെഡിക്കൽ കോളേജ് ആശുപത്രിയുടെ വികസന പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഞങ്ങളുടെ ജില്ലയിലാണ് ആശുപത്രി സംവിധാനങ്ങളുടെ അപര്യാപ്തത ഏറ്റവും കൂടുതലായുള്ളത്. ഹരിപ്പാട്, മാവേലിക്കര തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള രോഗികളെ കോട്ടയം മെഡിക്കൽ കോളേജിലേയ്ക്കാണ് കൊണ്ടുപോകുന്നത്. ആലപ്പുഴ മെഡിക്കൽ കോളേജിൽ എത്തുന്ന രോഗി ജീവനോടെ തിരിച്ചുവരില്ലെന്ന ആശങ്ക സാധാരണ ജനങ്ങളിൽ നിലനിൽക്കുകയാണ്. ഏറ്റവും പരിതാപകരമായ നിലയിലാണ് മെഡിക്കൽ കോളേജിന്റെ സ്ഥിതി. ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ശ്രദ്ധചെലുത്തണം. വികസന സമിതി ചേരുന്നില്ലെന്നത് ഗൗരവതരമായ കാര്യമാണ്. അവിടത്തെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. ഒരു രോഗിയെ കാണുന്നതിന് മെഡിക്കൽ കോളേജിലെത്തിയാൽ പരാതിയുടെ പ്രളയം കാരണം നമുക്ക് സമയത്ത് തിരിച്ചുവരാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. വിവിധ മെഡിക്കൽ കോളേജുകളിൽ ധാരാളം സൗകര്യങ്ങളേർപ്പെടുത്തുന്നതിനെക്കുറിച്ച് ഇവിടെ

പറഞ്ഞു. ആലപ്പുഴ മെഡിക്കൽ കോളേജിലാണ് യാതൊരു സൗകര്യവുമില്ലാത്തത്. അവിടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കണം. പ്രൈവറ്റ് മെഡിക്കൽ കോളോജോ, സൂപ്പർ സ്പെഷ്യലിറ്റി ആശുപത്രികളോ അവിടെയില്ല. ജനങ്ങളുടെ ഏക ആശ്രയം ഈ മെഡിക്കൽ കോളേജാണ്. അതിന്റെ വികസനത്തിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ആലപ്പുഴ മെഡിക്കൽ കോളേജിന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ പരിമിതികളൊക്കെയുണ്ടായിരുന്നു. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ആലപ്പുഴ മെഡിക്കൽ കോളേജിന് വളരെ മുന്തിയ പരിഗണന കൊടുത്തിട്ടുണ്ട്. മറ്റ് മെഡിക്കൽ കോളേജുകളോടൊപ്പം തന്നെ ഇതിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള നടപടികൾ ആരംഭിക്കുകയും അടിസ്ഥാനവികസനത്തിനും കോഴ്സുകളുടെ അംഗീകാരം നിലനിർത്തുന്നതിനും ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിനും നിരവധി നടപടിക്രമങ്ങൾ സ്വീകരിച്ചു. ഓരോ വർഷവും 150 എം.ബി.ബി.എസ്. സീറ്റുകളിൽ പ്രവേശനം നടത്തുന്ന ഈ കോളേജിന്റെ അംഗീകാരം നിലനിർത്തുന്നതിനായി ഫാക്കൽറ്റി

ഡെഫിഷ്യൻസി കുറച്ചുകൊണ്ടുവന്ന് എം.സി.ഐ.യുടെ പെർമനന്റായ അംഗീകാരം ഇപ്പോൾ നമുക്ക് ലഭ്യമായിട്ടുണ്ട്. ഈ ഗവൺമെന്റ് വരുന്ന സമയത്ത് ഫാക്കൽറ്റിയുടെ കാര്യത്തിൽ വലിയ ഡെഫിഷ്യൻസിയായിരുന്നു. അതെല്ലാം ഫിൽ ചെയ്ത് ഇപ്പോൾ എം.സി.ഐ.യുടെ അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സായിട്ടുള്ള ഡി.എം. നെഫ്രോളജി തുടങ്ങുന്നതിന് അംഗീകാരം നേടിയെടുത്തിട്ടുണ്ടെന്നുള്ളത് ആലപ്പുഴ മെഡിക്കൽ കോളേജിനെ സംബന്ധിച്ചിടത്തോളം വലിയ നേട്ടമാണ്. കാൻസർ രോഗചികിത്സയ്ക്ക് ആർ.സി.സി. മോഡൽ ചികിത്സ നൽകുന്നതിന്റെ ഭാഗമായി മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, ഓങ്കോ പാത്തോളജി എന്നീ വിഭാഗങ്ങൾ അനുവദിക്കുകയും ആദ്യഘട്ടമെന്ന നിലയിൽ ഡോക്ടർമാരുടെ അടക്കം 21 പുതിയ തസ്തികകൾ ആലപ്പുഴ മെഡിക്കൽ കോളേജിൽ സൃഷ്ടിച്ചിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിലെ ഫാർമസി കോഴ്സുകളുടെ അംഗീകാരം നിലനിർത്തുന്നതിനും അതിന്റെ സുഗമമായ നടത്തിപ്പിനും വേണ്ടി 4 അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആശുപത്രിയിലെ സ്റ്റാഫ് നഴ്സ് പാറ്റേൺ പുതുക്കുന്നതിന്റെ ഭാഗമായി അവിടെ 51 സ്റ്റാഫ് നഴ്സിന്റെ പുതിയ തസ്തികകൾ സൃഷ്ടിച്ചുകഴിഞ്ഞു. ആലപ്പുഴ മെഡിക്കൽ

കോളേജിലെ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ ആന്റ് ഇമ്മ്യൂണോളജി (ബ്ലഡ് ബാങ്ക്) വിഭാഗങ്ങളുടെ പ്രവർത്തനം ശക്തമാക്കുന്നതിനുവേണ്ടി ഒരു അസ്സോസിയേറ്റ് പ്രൊഫസർ ഉൾപ്പെടെ 6 തസ്തികകൾ ആ മേഖലയിൽ സൃഷ്ടിച്ചു. ആലപ്പുഴ മെഡിക്കൽ കോളേജിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷം ഡി.എം. കാർഡിയോളജി ഉൾപ്പെടെ 13 പുതിയ പി.ജി. സീറ്റും ഈ വർഷം ഗൈനക്കോളജി, പീഡിയാട്രിക് വിഭാഗത്തിൽ 7 സീറ്റുകളും പുതുതായി ലഭിച്ചു. തസ്തിക സൃഷ്ടിച്ചതുകൊണ്ടാണ് പുതുതായി ഇത്രയും സീറ്റ് ലഭ്യമായിട്ടുള്ളത്. നിലവിലുണ്ടായിരുന്നതിനേക്കാൾ കൂടുതലായി കിട്ടിയ സീറ്റാണിത്. ഇത്രയും തസ്തികകൾ സൃഷ്ടിച്ചതിന്റെ ഭാഗമായി ആലപ്പുഴ മെഡിക്കൽ കോളേജിൽ 20 പുതിയ പി.ജി. സീറ്റുകൾ നേടിയെടുക്കാൻ കഴിഞ്ഞു. ആലപ്പുഴ മെഡിക്കൽ കോളേജിൽ 11 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച 45 ബെഡ്ഡ് മൾട്ടി ഡിസിപ്ലിനറി ഇന്റൻസീവ് കെയർ യൂണിറ്റിന്റെ നിർമ്മാണം പൂർത്തിയാക്കി അത് തുറന്നുകൊടുത്തു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ച ഫണ്ടായിരുന്നു പക്ഷെ അതിന്റെ പ്രവർത്തനം മുടങ്ങിക്കിടക്കുകയായിരുന്നു. അത് ഇപ്പോൾ നന്നായി പ്രവർത്തിക്കുന്നുണ്ട്. ഈ ഗവൺമെന്റ് വന്നശേഷം 12 കോടി രൂപ മുടക്കി എം.ആർ.ഐ. സ്കാൻ

മെഷീൻ അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ എച്ച്.എൽ.എൽ.-ന്റെ എം.ആർ.ഐ. മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ടാണ് 12 കോടി രൂപയുടെ എം.ആർ.ഐ. സ്കാനിംഗ് അനുവദിച്ചിട്ടുള്ളത്. അത് ഇൻസ്റ്റാൾ ചെയ്തുവരുന്നതേയുള്ളൂ. അത് പ്രവർത്തനസജ്ജമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. ആൻജിയോപ്ലാസ്റ്ററി കഴിഞ്ഞ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് കാത്ത് ലാബിനോട് ചേർന്ന് 8 കിടക്കകളുള്ള 1 കോടി രൂപ ചെലവ് വരുന്ന ഹൈ ഡെഫിഷ്യൻസി ഐ.സി.യു. ഇപ്പോൾ സ്ഥാപിച്ചു. 3 കോടി രൂപ മുടക്കി പുതിയ സി.ടി. സ്കാൻ സ്ഥാപിച്ചിട്ടുണ്ട്. നേരത്തെ ഒരെണ്ണമുണ്ടായിരുന്നു. റേഡിയേഷനുവേണ്ടി അവിടെ നിന്ന് മറ്റ് സ്ഥലത്തേയ്ക്ക് പറഞ്ഞയയ്ക്കാൻ ഇടയായെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് ശരിയാണ്. അതുകൊണ്ട് 3.5 കോടി രൂപയുടെ പുതിയ കൊബാൾട്ട് മെഷീൻ ഇപ്പോൾ അനുവദിച്ചു. അത് ഇൻസ്റ്റാൾ ചെയ്യുന്നതോടുകൂടി റേഡിയേഷന്റെ പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിയും. ഇതിന്റെ ടെണ്ടർ നടപടി പൂർത്തിയായിക്കഴിഞ്ഞു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇനിയും മറുപടിയുണ്ടെങ്കിൽ മേശപ്പുറത്ത് വച്ചാൽ മതിയാകും.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എനിക്ക് പറയാതിരിക്കാൻ കഴിയില്ല. അവിടെ ചെയ്ത കാര്യങ്ങൾ മുഴുവൻ പറയണ്ടേ. അതിന് തടസ്സപ്പെടുത്തരുത്.

റേഡിയോതെറാപ്പി വിഭാഗത്തിൽ 4 കോടി രൂപയുടെ പ്ലാനിംഗ് സി.ടി. എന്നുപറയുന്ന സിമുലേറ്ററടക്കമുള്ള സി.ടി. മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. അത് ഇൻസ്റ്റാൾ ചെയ്തു. ഇനി അറ്റോമിക് എനർജി റെഗുലേറ്ററി ബോർഡിന്റെ അനുവാദം ലഭിച്ചാൽ പ്രവർത്തനക്ഷമമാക്കാം. അതിനുവേണ്ടി എഴുതിയിട്ടുണ്ട്. മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗത്തിന്റെ വികസനം ലക്ഷ്യംവച്ചുകൊണ്ട് 44 ലക്ഷം രൂപയുടെ ഇലക്ട്രോ ഫിസിയോളജി യൂണിറ്റും 24 ലക്ഷം രൂപ വിലവരുന്ന ടി.എം.ടി. മെഷീനും 28 ലക്ഷം രൂപ വിലവരുന്ന രണ്ട് എക്കോ മെഷീനും സ്ഥാപിച്ചിട്ടുണ്ട്. റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ 50 ലക്ഷം രൂപയുടെ ഹൈഡെഫിനിഷൻ അൾട്രാസൗണ്ട് മെഷീൻ സ്ഥാപിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചതനുസരിച്ച് ആർദ്രം പദ്ധതിയുടെ ഭാഗമായി ഒ.പി. നവീകരണത്തിന് 3.5 കോടി രൂപ അനുവദിച്ചു. അതിന്റെ

വർക്ക് നടന്നുകൊണ്ടിരിക്കുകയാണ്. ഒ.പി. വളരെ പെട്ടെന്ന് തന്നെ ശരിയാക്കാൻ സാധിക്കും. പി.എം.എസ്.എസ്.വൈ. പദ്ധതി പ്രകാരം 183.15 കോടി രൂപയുടെ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ നിർമ്മാണം നടക്കുകയാണ്. 120 കോടി രൂപയാണ്, സെൻട്രൽ സ്റ്റേറ്റ് വിഹിതമായതിനാൽ അതിൽ ചെറിയഭാഗം നമ്മുടെ ഫണ്ടുമുണ്ട്. എസ്റ്റിമേറ്റെടുത്തപ്പോൾ 183 കോടി രൂപയായതിനാൽ വർക്ക് മുടങ്ങിക്കിടക്കുകയായിരുന്നു. കേന്ദ്ര ഗവൺമെന്റിൽ ഞാൻ തന്നെ ഇടപെട്ട് 183 കോടി രൂപയുടെ അനുവാദം മേടിച്ചെടുത്തു. കൂടുതലായി വരുന്ന തുക സംസ്ഥാന ഗവൺമെന്റ് വഹിക്കണമെന്നതാണ് കണ്ടീഷൻ. 63 കോടി രൂപ നമ്മൾ അധികമെടുക്കണം. അത് നീക്കിവച്ചിട്ടുണ്ട്. അതിൽ ചില നിർമ്മാണപ്രശ്നങ്ങളും തടസ്സങ്ങളുമൊക്കെയുണ്ടായിരുന്നു. അത് ബഹുമാനപ്പെട്ട ജി. സുധാകരന്റെ നിയോജകമണ്ഡലത്തിലാണ്. അദ്ദേഹമെല്ലാം ഇടപെട്ടിട്ട് തർക്കങ്ങളും തടസ്സങ്ങളുമെല്ലാം നീക്കി അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു. താങ്കൾ പറഞ്ഞ ബെഡ് സ്ട്രെങ്ത് കൂട്ടാൻ ഇതുവരുന്നതോടുകൂടി സാധിക്കും. ട്രോമാകെയറിന് 1.67 കോടി രൂപയുടെ ഫണ്ട് നേരത്തെയുണ്ടായിരുന്നു. അത് ഉപയോഗിച്ചുകൊണ്ട് കാഷ്വാലിറ്റി

നവീകരിക്കുകയാണ്. ഈ ഗവൺമെന്റ് വന്നപ്പോൾ ട്രോമാകെയറിന് 16 കോടി രൂപ അനുവദിച്ചു. ടോട്ടൽ ട്രോമാകെയർ സംവിധാനത്തിന്റെ ഭാഗമായി ആദ്യമെടുത്ത അഞ്ച് സ്ഥാപനങ്ങളിലൊന്ന് ആലപ്പുഴയാണ്. തിരുവനന്തപുരത്ത് ലെവൽ 1 ട്രോമാകെയർ യൂണിറ്റ്, ആലപ്പുഴയിൽ ലെവൽ 2 ട്രോമാകെയർ യൂണിറ്റ് എന്നിവയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. ഒരുപാട് പറയാനുള്ളതുകൊണ്ട് ഈ മറുപടി മേശപ്പുറത്ത് വയ്ക്കാം.+ ഒഴിവുകളുടെ കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഒഴിവുകൾ നികത്താനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. അസോസിയേറ്റ് പ്രൊഫസറുടെ 8 ഒഴിവുകളുണ്ട്. ഡി.പി.സി. ചേർന്നു. ഉടൻ ഫില്ലാകും. അസിസ്റ്റന്റ് പ്രൊഫസർമാരുടെ 71 ഒഴിവുകളുണ്ട്. അതിന് പി.എസ്.സി. വഴി നിയമിക്കാൻ താമസമുള്ളതുകൊണ്ട് താൽക്കാലികമായി നിയമിച്ചുകൊണ്ടിരിക്കുകയാണ്. രണ്ടുമാസംകൊണ്ട് ഒരൊഴിവുമുണ്ടാകാത്ത വിധം എല്ലാം ഫിൽ ചെയ്യാൻ സാധിച്ചിട്ടുണ്ട്. ഏറ്റവും നന്നായി ചെയ്യുന്നുണ്ട് എന്ന് കാണിക്കാൻ വേണ്ടി പറഞ്ഞതാണ്.

## പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്

ശ്രീ. വി. ഡി. സതീശൻ: സർ, ഏഷ്യാനെറ്റ് ചാനൽ പുറത്തുകൊണ്ടു വന്ന

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

വളരെ ഗൗരവതരമായ ഒരു തട്ടിപ്പാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ന്യൂനപക്ഷ മന്ത്രാലയത്തിന്റെ വെബ്സൈറ്റിലൂടെയാണ് ഇന്ത്യയിലെ ഓരോ സംസ്ഥാനത്തിലെയും പ്ലസ് 1 മുതൽ ഉയർന്ന ക്ലാസുകളിലേയ്ക്കുള്ള ന്യൂനപക്ഷ സമുദായത്തിലെ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകളുടെ അപേക്ഷകൾ സ്വീകരിച്ചുവരുന്നത്. എന്നാൽ ഈ സമീപകാലത്ത് വിദ്യാർത്ഥികളുടെ അപേക്ഷകൾ ഓൺലൈൻ വെരിഫിക്കേഷൻ ചെയ്ത സമയത്ത് ചില വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രൊഫൈലിൽ പ്രസ്തുത സ്ഥാപനത്തിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികളുടെ അപേക്ഷകൾ കണ്ടെത്തുകയും ഓൺലൈൻ വെരിഫിക്കേഷൻ നടത്താതെ തന്നെ ചില അപേക്ഷകൾ സ്ഥാപനമേധാവികളുടെ അറിവോ സമ്മതമോ കൂടാതെ മറ്റേതോ വ്യക്തികൾ കൃത്രിമം കാട്ടി വെരിഫിക്കേഷൻ നടത്തിയിരിക്കുന്നുവെന്നും തെളിഞ്ഞു. ന്യൂനപക്ഷ സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കാത്ത സ്ഥാപനങ്ങളിൽപ്പോലും ഈ തട്ടിപ്പ് നടന്നിരിക്കുകയാണ്. കേരളത്തിലെ ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് വ്യാപകമായി ഇതുസംബന്ധിച്ച പരാതികൾ വരുന്നുണ്ട്. ന്യൂനപക്ഷ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പുകൾ സൈറ്റിലൂടെ

തട്ടിയെടുക്കുന്ന സംഭവം പുറത്തുവന്നിരിക്കുകയാണ്. ഇതുസംബന്ധിച്ച് സംസ്ഥാനത്തെ കോളേജിയറ്റ് എഡ്യുക്കേഷൻ ഡയറക്ടർ ഡിസംബർ 11-ാം തീയതി സിറ്റി പോലീസ് കമ്മീഷണർക്ക് ഒരു പരാതി കൊടുത്തുവെങ്കിലും ദൗർഭാഗ്യവശാൽ ഒരു നടപടിയും ഇത്ര ഗൗരവമുള്ള കാര്യത്തിൽ പോലീസ് സ്വീകരിച്ചില്ല. ജനുവരിയിൽ റെയ്ഞ്ച് ഐ.ജി.-ക്ക് കോളേജിയറ്റ് എഡ്യുക്കേഷൻ ഡയറക്ടർ വീണ്ടും പരാതി കൊടുത്തിട്ടും നടപടി എടുത്തില്ല. ഇത്ര ഗൗരവമുള്ള ഒരു തട്ടിപ്പിനെക്കുറിച്ച് സംസ്ഥാനത്തെ ഒരു വകുപ്പിന്റെ മേധാവി പോലീസിന് പരാതി കൊടുത്തിട്ട് നാലുമാസക്കാലമായിട്ടും പോലീസ് അന്വേഷിക്കുന്നില്ല എന്നത് വളരെ ദൗർഭാഗ്യകരമായ കാര്യമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. മാർച്ച് 15-ാം തീയതി ഏഷ്യാനെറ്റിൽ വാർത്ത വന്നപ്പോഴാണ് ഡി.ജി.പി. അറിയുന്നത്. ഡി.ജി.പി. ഉദ്യോഗസ്ഥരെ വിളിക്കുകയും ഗൗരവതരമായി ഇടപെടുകയും ഒരു പത്തംഗ ടീമിനെ അന്വേഷിക്കാൻ ഏർപ്പെടുത്തുകയും ചെയ്തു. പക്ഷെ അഞ്ചുദിവസം കഴിഞ്ഞിട്ടും ഇതുവരെ ഇത് അന്വേഷിക്കാൻ വേണ്ടിയിട്ടുള്ള ഒരു ഉത്തരവുപോലും ആ ഓഫീസിൽ നിന്നും ഇറങ്ങിയിട്ടില്ല. വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ കണ്ട് പരാതി പറഞ്ഞവരോട് എനിക്ക് ഈ വിഷയത്തെക്കുറിച്ച് അറിയില്ല, എന്നോട് ആരും

പരാതി പറഞ്ഞിട്ടില്ല, എനിക്ക് ഇത് അന്വേഷിക്കേണ്ട കാര്യമില്ല എന്ന വളരെ നിസ്സംഗതയോടുകൂടിയുള്ള മറുപടിയാണ് അദ്ദേഹം പറഞ്ഞത്. ഇങ്ങനെയാണോ ഒരു വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറയേണ്ടത്. കോളേജിയറ്റ് എഡ്യുക്കേഷൻ ഡയറക്ടർ കൊടുത്ത പരാതിയെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അറിയില്ല. മാത്രമല്ല കേന്ദ്ര ഗവൺമെന്റിന്റെ മൈനോറിറ്റി വകുപ്പിൽ കേരള സർക്കാരിന്റെ പ്രതിനിധിയുണ്ട്. കേരള സർക്കാരിന്റെ പ്രതിനിധി പരാതി കൊടുത്തിട്ടും വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇതൊന്നുമറിഞ്ഞിട്ടില്ല. പരാതി വന്നതിനെത്തുടർന്ന് ഈ സൈറ്റിപ്പോൾ ബ്ലോക്കായി. സംസ്ഥാനത്തെ 132000 കുട്ടികളാണ് ന്യൂനപക്ഷ സ്കോളർഷിപ്പിനുവേണ്ടി കാത്തിരിക്കുന്നത്. അവർക്ക് ഇത് കിട്ടുമോ ഇല്ലയോ എന്നുള്ള അനിശ്ചിതത്വം നിലനിൽക്കുകയാണ്. ഇതൊരു Inter-state ramification ഉണ്ടാകാൻ സാധ്യതയുള്ള തട്ടിപ്പുകൂടിയായതുകൊണ്ട് വളരെ ഗൗരവത്തോടുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇടപെട്ടുകൊണ്ട് ഈ തട്ടിപ്പിനെക്കുറിച്ച് അന്വേഷിക്കണം. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ. മാനേജരായ ഇരിട്ടി കോളേജിൽ നിന്നും സ്കോളർഷിപ്പ് ഓഫീസർ പരാതി അയച്ച് മാസങ്ങളായിട്ടും ഒരു അന്വേഷണവും നടക്കുന്നില്ല. അതുകൊണ്ട്

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം മുഖാന്തിരമുള്ള ന്യൂനപക്ഷ സമുദായ വിദ്യാർത്ഥികളുടെ പ്ലസ് വൺ മുതൽ ഉയർന്ന ക്ലാസ്സുകളിലെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെയാണ്. വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനും വിദ്യാഭ്യാസ സ്ഥാപനത്തിലെ മേധാവികൾക്ക് അപേക്ഷ പരിശോധിക്കുന്നതിനും സ്കോളർഷിപ്പ് പ്രൊഫൈലിൽ ലോഗിൻ ചെയ്യുന്നതിനുള്ള യൂസർ ഐ.ഡി.-യും പാസ്സ് വേഡും നൽകിയിട്ടുണ്ട്. ഇപ്രകാരം സ്ഥാപനമേധാവികൾ നടത്തിയ പരിശോധനയിൽ പത്തനാപുരം മൗണ്ട് ടാഗോർ ട്രെയിനിംഗ് കോളേജ്, ഇരിട്ടി എം.ജി. കോളേജ്, പുതുപ്പള്ളി കോളേജ് ഓഫ് അപ്ലൈഡ് സയൻസ് എന്നീ സ്ഥാപനങ്ങളുടെ പ്രൊഫൈലിൽ പ്രസ്തുത സ്ഥാപനങ്ങളിൽ പഠിക്കാത്ത വിദ്യാർത്ഥികളുടെ അപേക്ഷകൾ കണ്ടെത്തുകയുണ്ടായി. ചില അപേക്ഷകൾ സ്ഥാപനമേധാവിയുടെ അറിവോ സമ്മതമോ കൂടാതെ മറ്റേതോ വ്യക്തികൾ കൃത്രിമം കാണിച്ച് വെരിഫിക്കേഷൻ നടത്തിയിരിക്കുന്നതായി കണ്ടെത്തി. അവർ നൽകിയ പരാതിയെ തുടർന്ന് സ്റ്റേറ്റ് ലെവൽ വെരിഫിക്കേഷൻ നടത്തുകയും കൂടുതൽ സ്ഥാപനങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. 11.12.2017-ന്

തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് കോളേജിയറ്റ് വിദ്യാഭ്യാസ ഡയറക്ടർ നൽകിയ പരാതിയിൽ സംസ്ഥാന പോലീസ് സൈബർ ക്രൈംസ് വിഭാഗം അന്വേഷണം നടത്തിവരികയാണ്. അപേക്ഷയോടൊപ്പം സമർപ്പിച്ച മൊബൈൽ നമ്പരുകൾ പശ്ചിമബംഗാൾ സ്വദേശികളുടെതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവരാരും മേൽപ്പറഞ്ഞ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നവരല്ലായെന്ന് അറിവായിട്ടുണ്ട്. കൂടുതൽ അന്വേഷണം നടത്തി നിജസ്ഥിതി കണ്ടെത്താൻ ക്രൈം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ക്രൈംബ്രാഞ്ച് ഐ.ജി.-യുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് ത്വരിതഗതിയിൽ അന്വേഷണം നടത്തിവരുന്നു. കൃത്രിമം കണ്ടെത്തിയ സ്കോളർഷിപ്പുകൾ വിതരണം ചെയ്യരുതെന്ന് ന്യൂനപക്ഷ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രാരംഭഘട്ടത്തിൽ തന്നെ ഇക്കാര്യം കണ്ടെത്താൻ കഴിഞ്ഞതിനാൽ അനർഹർക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടില്ല.

## കുടിവെള്ളക്ഷാമം

ശ്രീ. പി. ടി. എ. റഹീം: സർ, ശുദ്ധജലക്ഷാമം വളരെ ഗുരുതരമായി അനുഭവിക്കാൻ തുടങ്ങിയിരിക്കുകയാണ്. ജപ്പാൻ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യാൻ പൂർണ്ണമായും സാധിച്ചിട്ടില്ല. ആ പ്രവൃത്തി മുന്നോട്ടുപോകുന്നില്ല. ഇപ്പോൾ

ചെറിയൊരു എം.എസ്. പൈപ്പിന്റെ കഷ്ണം ഈ കരാറിന്റെ ഭാഗമല്ലായെന്നുപറഞ്ഞ് കരാറുകാർ അത് എടുക്കാൻ വിസമ്മതിച്ചിട്ടുള്ള ഒരു സാഹചര്യമുണ്ട്. അതുൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി ഈ നിയമസഭാ കാലഘട്ടത്തിൽ തന്നെ ഒരു യോഗം വിളിച്ചുകൂട്ടണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, കോഴിക്കോട് കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ഒളവണ്ണ പഞ്ചായത്തിൽ പ്രധാന ജലവിതരണക്കുഴലായ 600 എം.എം. വ്യാസമുള്ള ഡി.ഐ. പൈപ്പ് കൈമ്പാലം പാലത്തിനുമുകളിൽക്കൂടി സ്ഥാപിക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ അതിന് പി.ഡബ്ല്യു.ഡി.യുടെ അനുമതി ലഭിക്കാത്തതിനാൽ തോടിന് കുറുകെ എം.എസ്. പൈപ്പ് സ്ഥാപിക്കുന്നതിന് വേരിയേഷൻ ഐറ്റമായി പാലം നിർമ്മിക്കുന്നതിന് നിലവിലെ കോൺട്രാക്ടർക്ക് നിർദ്ദേശം നൽകി കഴിഞ്ഞിട്ടുണ്ട്. ഈ പ്രവൃത്തി ഉടനെ ആരംഭിക്കുന്നതാണ്. താൽക്കാലികമായി നിലവിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുള്ള പ്രദേശങ്ങളിലേയ്ക്ക്, ഏകദേശം 6 കിലോമീറ്റർ പഴയ പാലത്തിന് മുകളിലൂടെ 110 എം.എം. പി.വി.സി. പൈപ്പ് സ്ഥാപിച്ച് കുടിവെള്ളം നൽകാനുള്ള പ്രവൃത്തി നടന്നുവരുന്നുണ്ട്. ഈ പ്രവൃത്തി ഒരാഴ്ചയ്ക്കുള്ളിൽ

പൂർത്തീകരിക്കുന്നതാണ്. കുന്ദമംഗലം പഞ്ചായത്തിലെ വിവിധ പി.ഡബ്ല്യു.ഡി. റോഡുകൾ കുഴിക്കുന്നതിന് പി.ഡബ്ല്യു.ഡി. എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിരുന്നുവെങ്കിലും ഇതേ റോഡുകൾക്കുവേണ്ടി നേരത്തെ ഒടുക്കിയിരുന്ന തുക കുറവ് ചെയ്തിരുന്നില്ല. ഈ വിഷയം 24.02.2018-ലെ ജില്ലാവികസന സമിതി ചർച്ച ചെയ്യുകയും നേരത്തെ ഒടുക്കിയ തുക കുറച്ച് നൽകാമെന്ന് പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം ഈ വിഷയത്തിൽ പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ മാത്ര-പാലാഴി റോഡ് ഉടനെ ടാർ ചെയ്യേണ്ടതുകൊണ്ട് ഈ റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കാൻ അനുമതി ലഭിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി പ്രവൃത്തികൾക്ക് പുതുക്കിയ പി.ഡബ്ല്യു.ഡി. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് പണമടച്ച് അനുമതി വാങ്ങി പ്രവൃത്തി ആരംഭിക്കുന്നതാണ്.

## എലിവേറ്റഡ് ഹൈവേ നിർമ്മാണം

ശ്രീ. ജെയിംസ് മാത്യു: സർ, കീഴാറ്റൂർ പ്രദേശത്തുകൂടി പുതിയ അലൈൻമെന്റ് തളിപ്പറമ്പ് ബൈപ്പാസിന് നിർദ്ദേശിക്കപ്പെട്ടിരിക്കുകയാണ്. പ്രസ്തുത അലൈൻമെന്റ് കടന്നുപോകാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഭാഗങ്ങളിൽ വയലുകളും

തണ്ണീർത്തടങ്ങളും വരുന്ന ഭാഗത്ത് എലിവേറ്റഡ് ഹൈവേ നടപ്പാക്കാൻ തയ്യാറായാൽ മണ്ണിട്ട് നികത്തുകയും തണ്ണീർത്തടങ്ങൾ നഷ്ടപ്പെടുകയും ചെയ്യുന്നത് പരമാവധി കുറയ്ക്കാൻ സാധിക്കുമെന്നാണ് വിദഗ്ദ്ധ അഭിപ്രായം. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെയും ഉപരിതല ഗതാഗതവകുപ്പിന്റെയും ശ്രദ്ധയിൽപ്പെടുത്തി നടപ്പാക്കുന്നതിനാവശ്യമായ കാര്യങ്ങൾ ചെയ്യണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ദേശീയപാത അതോറിറ്റിയിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് നൽകുന്നത്. ദേശീയപാത അതോറിറ്റിയാണ് ഈ ബൈപ്പാസ് നിർമ്മിക്കുന്നത്. എൻ.എച്ച്.-17 നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി തളിപ്പറമ്പ് ബൈപ്പാസ് കുപ്പം പാലത്തിന് സമീപത്തുനിന്ന് ആരംഭിച്ച് കുറ്റിക്കോൽ പാലത്തിന് സമീപം അവസാനിക്കുന്നു. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ നിയോഗിച്ച കൺസൽട്ടൻസി തയ്യാറാക്കി അതോറിറ്റി അംഗീകരിച്ച പുതിയ അലൈൻമെന്റിന് 5.66 കിലോമീറ്റർ ദൈർഘ്യമുണ്ട്. പ്രസ്തുത ബൈപ്പാസിന്റെ ഘടന മൂന്ന് സ്ഥലങ്ങളിലൊഴികെ മിക്കവാറും embankment ആയാണ് നിർമ്മിക്കുന്നത്. റോഡ് embankment-ന്റെ ഉയരം 10 മീറ്ററിൽ കൂടുതൽ

വരുന്ന സ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് മറുഭാഗത്ത് പോകുന്നതിനും കന്നുകാലികളെയും മറ്റും മറുവശത്ത് കൊണ്ടുപോകുന്നതിനും കഴിയുന്ന രീതിയിൽ മൂന്ന് സ്ഥലങ്ങളിൽ വയാഡക്റ്റ് (കരയിൽ നിർമ്മിക്കുന്ന പാലം. രണ്ട്, വാലുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന പാലം) ന്റെ നിർമ്മാണവും നെൽവയൽ പ്രദേശങ്ങളിലും മറ്റും വെള്ളക്കെട്ടായി നിൽക്കുന്ന സ്ഥലങ്ങളിലും ഓരോ കിലോമീറ്ററിനുള്ളിലും 3 കരിങ്കൽ വീതവും നിർമ്മാണപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 3 വയാഡക്റ്റുകൾ താഴെപ്പറയുന്നു. കുറ്റിക്കോൽ വില്ലേജ് 90 മീറ്റർ, കുറ്റിക്കോൽ വില്ലേജിൽ മറ്റൊരു ഭാഗത്ത് 150 മീറ്റർ, കിഴാറ്റൂർ വില്ലേജിൽ 540 മീറ്റർ ആകെ 780 മീറ്ററിലാണ് നിർമ്മിക്കുന്നത്. കൂടാതെ ബൈപ്പാസിന്റെ നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമിയുടെ റോഡിൽ സ്ഥിതി ചെയ്യുന്ന തോടുകൾ, ഓടകൾ എന്നിവ ഒഴുക്കിന് തടസ്സം വരാത്ത രീതിയിൽ മാറ്റി സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളും പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ചർച്ചകൾ നടക്കുന്നതിന്റെ ഭാഗമായി ഉന്നയിച്ച പാലം പണിയുന്ന കാര്യം എൻ.എച്ച്.എ.ഐ.-യുടെ ശ്രദ്ധയിൽപ്പെടുത്താമെന്ന് മാത്രമാണ് പറയാനുള്ളത്.

## പട്ടാമ്പി പാലം പുനരുദ്ധാരണം

ശ്രീ. മുഹമ്മദ് മുഹസിൻ. പി.: സർ, പട്ടാമ്പി മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട പാലമാണ് പട്ടാമ്പി പാലം. കോസ്റ്റ് വേ ആയി ആരംഭിച്ച് അരനൂറ്റാണ്ടിലധികം പഴക്കമുള്ള ഈ പാലത്തിന്റെ പല ഭാഗങ്ങളും തകർച്ചയിലാണുള്ളത്. പാലത്തിന്റെ അടിയിൽ കോൺക്രീറ്റിന്റെ ഭാഗത്ത് ചിലയിടത്ത് കമ്പികൾ പുറത്തുകാണാൻ തുടങ്ങുന്നുണ്ട്. അതുപോലെ ടൗൺ വികസനത്തിന് ആനുപാതികമായിട്ട് പാലത്തിന് വീതിയില്ലാത്തതുകൊണ്ട് വാഹനങ്ങളൊക്കെ കുടിയിട്ടുണ്ട്. വലിയ ഗതാഗതക്കുരുക്ക് ഈ പാലവുമായി ബന്ധപ്പെട്ട് അനുഭവിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17-ൽ 30 കോടി രൂപ കിഫ്ബി വഴി ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. കുറ്റിപ്പുറം എഞ്ചിനീയറിംഗ് കോളേജ് മുതൽ ഷൊർണ്ണൂർ വരെയുള്ള പാതയിൽ ഉൾപ്പെടുത്തിയിട്ടാണ് നിലവിൽ ഈ പാലത്തിന്റെ വർക്ക് നടക്കുന്നത്. എന്നാൽ പട്ടാമ്പി മുതൽ ഷൊർണ്ണൂർ വരെയുള്ള ഭാഗത്ത് സ്ഥലം ഏറ്റെടുക്കൽ അടക്കമുള്ള കാര്യങ്ങളുള്ളതുകൊണ്ട് ഈ പാലം ആ പ്രോജക്ടിൽ ഉൾപ്പെടുത്തിയാൽ സമയം കൂടുതൽ എടുക്കാനുള്ള സാധ്യതയുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആയതിനാൽ പാലത്തിന് പ്രയോറിറ്റി കൊടുത്തുകൊണ്ട് പാലം ആദ്യം

പണിയുകയും അതുപോലെ റോഡ് വേറെ പ്രോജക്ടാക്കി വയ്ക്കുകയും ചെയ്തുകൊണ്ട് അടിയന്തരമായി ഈ പാലത്തിന്റെ പണി പൂർത്തിയാക്കണമെന്നാണ് പ്രധാനമായി ഞാൻ ആവശ്യപ്പെടുന്നത്. അതോടൊപ്പം പട്ടാമ്പി മുതൽ ഷൊർണ്ണൂർ വരെയുള്ള സ്ഥലം ഏറ്റെടുപ്പും പെട്ടെന്ന് നടപ്പാക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. മുഹമ്മദ് മുഹസിൻ.പി. ഉന്നയിച്ച പെരിമ്പിലാവ്-പെരിന്തൽമണ്ണ റോഡ് പട്ടാമ്പി മണ്ഡലത്തിലാണ്. അതിന്റെ പരിശോധന വെൻചർമാർ നടത്തി, പുനർനിർമ്മാണം ആവശ്യമാണെന്ന് കണ്ടെത്തിയിട്ടില്ല. എന്നാൽ പാലത്തിന് അറ്റകുറ്റപ്പണികൾ വേണമെന്ന് തീരുമാനിച്ചിട്ടുണ്ട്. കേടുപാടുകൾ സംഭവിച്ച കൈവരികൾ, മണ്ണൊലിപ്പ് തടയാനുള്ള നടപടികൾ, ഡെക്ക് സ്ലാബ് ഇതെല്ലാം മാറ്റി സ്ഥാപിക്കേണ്ടതും റോഡ് സേഫ്റ്റിയുടെ പ്രവൃത്തികൾ നടത്തേണ്ടതുമുണ്ട്. അതിന് 95,20,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 2017 നവംബർ 29-ന് ഭരണാനുമതി കിട്ടിയിട്ടുണ്ട്. അറ്റകുറ്റപ്പണികൾക്കുള്ള 283 എസ്റ്റിമേറ്റുകൾക്കൊപ്പമാണ് ലഭ്യമാക്കിയിരുന്നത്. അതിനാൽ ആ എസ്റ്റിമേറ്റ് ഒരുമിച്ച് ഇ-ഓഫീസ് ഫയലായി ധനകാര്യവകുപ്പിന്

പരിശോധനയ്ക്ക് അയയ്ക്കാൻ പ്രയാസമുള്ളതുകൊണ്ട് 10-20 എസ്റ്റിമേറ്റുകളുടെ കൂട്ടമായി അബ്സ്ട്രാക്റ്റുകൾ സഹിതം സർക്കുലർ അടിസ്ഥാനത്തിൽ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടാമ്പി പാലം കോസ്റ്റ് വേ ആയതിനാലും പാലത്തിൽക്കൂടി വെള്ളം കവിഞ്ഞ് ഒഴുകുന്നതുകാരണവും പാലത്തിന് വീതി കുറവായതിനാലും കിഫ്ബി 2016-17-ൽ ഉൾപ്പെടുത്തി കുറ്റിപ്പുറം, തൃത്താല, പട്ടാമ്പി, ഷൊർണ്ണൂർ റോഡിന്റെ നവീകരണവും നിലവിലുള്ള പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കാനുമായി സർക്കാർ ഉത്തരവ് സ്പീച്ച് നം.13 പ്രകാരം 30 കോടി രൂപ തത്വത്തിൽ ഭരണാനുമതിക്കായി നൽകിയിട്ടുണ്ട്. പട്ടാമ്പി മുതൽ ഷൊർണ്ണൂർ വരെയുള്ള ഭാഗം കൃഷിഭൂമിയിൽക്കൂടിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വീതികുറഞ്ഞ റോഡിൽക്കൂടിയുമാണ് കടന്നുപോകുന്നത്. അതിനാൽ ഈ ഭാഗത്ത് പദ്ധതിക്ക് ആവശ്യമായ സ്ഥലമെടുപ്പിന് കാലതാമസം നേരിടുകയും തടസ്സങ്ങളുണ്ടാകുകയും ചെയ്യും. അതുകൊണ്ട് കുറ്റിപ്പുറം തങ്ങൾപ്പടി മുതൽ നിർദ്ദിഷ്ട പട്ടാമ്പി പാലമടക്കമുള്ള 22 കിലോമീറ്റർ റോഡുകൂടി നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം നിലവിൽ ലഭ്യമായതിനാൽ ഒന്നാംഘട്ടമായി കിഫ്ബിയിൽ പ്രസ്തുത ഭാഗം ഉൾപ്പെടുത്തി നവീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ഒന്നാംഘട്ട പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ

പുരോഗമിച്ചുവരികയാണ്. റിപ്പോർട്ട് ലഭ്യമായാലുടൻ സമാന്തരപാലങ്ങളുടെ നടപടി കൂടി ഉൾപ്പെടുത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട് രണ്ടാംഘട്ടമായ പട്ടാമ്പി പാലം മുതൽ ഷൊർണ്ണൂർ വരെയുള്ള ഭാഗത്തിന് ഭൂമി ഏറ്റെടുക്കുന്നതുകൂടി ഉൾപ്പെടുത്തി സാമ്പത്തികാനുമതിക്ക് കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത പദ്ധതി ഏത് എസ്.പി.വി.-യെ ഏൽപ്പിക്കണമെന്നുള്ളത് കിഫ്ബി പാസ്സായി കഴിഞ്ഞാൽ ഉടൻതന്നെ തീരുമാനിക്കുന്നതാണ്. സാധാരണഗതിയിൽ ലോവർ ബ്രിഡ്ജ് അല്ലാത്തതിനാൽ റോഡ് ഫണ്ട് ബോർഡിനെ ഏൽപ്പിക്കുന്നതായിരിക്കും ഉചിതമെന്ന് കരുതുന്നു.

**<u>ഭൂമി പതിച്ചു കൊടുത്തത് സംബന്ധിച്ച്</u>**

<u>ശ്രീ. വി. ജോയി</u>: സർ, വർക്കല താലൂക്കിൽ അയിരൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 3-ൽ റീസർവ്വേ 227-ൽപ്പെട്ട 27 സെന്റ് സർക്കാർ പുറമ്പോക്ക് ഭൂമി ഒരു സ്വകാര്യവ്യക്തി കമ്പി വേലി കെട്ടി കയ്യേറിയിരുന്നു. ഇലഗമൺ ഗ്രാമപഞ്ചായത്ത് കൊടുത്ത പരാതിയുടെ അടിസ്ഥാനത്തിൽ റവന്യൂ അധികാരികൾ 5-04-2017 ൽ റൂൾ 4 പ്രകാരം 'ബി' ഫോമിൽ നോട്ടീസ് കയ്യേറ്റക്കാരന് നൽകി. എന്നാൽ റീസർവ്വേ 227-ൽപ്പെട്ട 27 സെന്റ് ഭൂമി തന്റേതാണെന്ന് തെളിയിക്കുന്ന ഒരു രേഖയും

കയ്യേറ്റക്കാരൻ ഹാജരാക്കാതിരുന്ന സാഹചര്യത്തിൽ 84 ദിവസത്തിനുശേഷം വർക്കല തഹസീൽദാർ സർക്കാർ പുറമ്പോക്ക് ഭൂമി ഏറ്റെടുത്തു. ഇതിനെത്തുടർന്ന് കയ്യേറ്റക്കാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു. ഹൈക്കോടതി ഇവരെ ഹിയർ ചെയ്യണമെന്ന് പറഞ്ഞു. ഇതിന്റെയടിസ്ഥാനത്തിൽ തിരുവനന്തപുരം സബ്കളക്ടർ ശ്രീമതി ദിവ്യ എസ്. അയ്യരുടെ ഉത്തരവാണ് ഈ സബ്മിഷന് ആധാരം. ഈ കേസിലെ പരാതിക്കാരന്റെ പിതാവിന് നേരത്തെ 39 സെന്റ് സ്ഥലം സർക്കാർ ഭൂമി പതിച്ചു നൽകിയിട്ടുണ്ട്. ഇതിൽ 227 സർവ്വേ നമ്പർ ഉൾപ്പെട്ടിട്ടില്ല. സബ്കളക്ടറുടെ ഉത്തരവനുസരിച്ച് 225, 226-ൽപ്പെട്ട 3.60 ആർ ഭൂമി താലൂക്ക് സർവ്വേയറുടെ സഹായത്തോടെ അളന്ന് തിരിച്ച് നൽകേണ്ടതാണെന്ന് ഉത്തരവിൽ പറയുന്നു. അതുവരെ ശരിയാണ്. അതിനുശേഷം ഭൂമി ഏറ്റെടുത്ത നടപടി ഏകപക്ഷീയമായി സബ്കളക്ടർ റദ്ദ് ചെയ്ത സാഹചര്യമുണ്ടായി. ഇവിടെയാണ് പ്രശ്നം. സർക്കാർ ഏറ്റെടുത്ത ഭൂമി എന്തിന് റദ്ദ് ചെയ്തുവെന്നുള്ളത് പരിശോധനയ്ക്ക് വിധേയമാക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യമാണ്. ഇത് റദ്ദ് ചെയ്യണമെന്ന് വാദി പോലും ആവശ്യപ്പെട്ടില്ല. കോടതി സ്പെസിഫൈ ചെയ്ത് റദ്ദ്

ചെയ്യാൻ പറഞ്ഞിട്ടില്ല. ഒരു കോടിയിലധികം രൂപ വില വരുന്ന ഭൂമിയാണ്. ഈ ഇന്റൻഷൻ വളരെ പിശകാണ്. ഇവിടെ നഗ്നമായിട്ടുള്ള അധികാര ലംഘനം നടന്നിട്ടുണ്ട്. ഇതിൽ എന്തെങ്കിലും രാഷ്ട്രീയ ഇടപെടലും സാമ്പത്തിക ഇടപെടലും വന്നിട്ടുണ്ടോയെന്നും സംശയിക്കുകയാണ്. തിരുവനന്തപുരം സബ്കളക്ടർ വന്നതിനുശേഷം ഇത്തരം ഭൂമിയുമായി ബന്ധപ്പെട്ട നിരവധി കാര്യങ്ങൾ ന്യൂ മീഡിയയിൽ വന്നുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഇത് അടിയന്തരമായി പരിശോധിച്ച് സർക്കാർ ഭൂമി സംരക്ഷിക്കാനുള്ള ഏർപ്പാട് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, വർക്കല താലൂക്കിൽ, അയിരൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 3-ൽ റീസർവ്വേ 227-ൽപ്പെട്ട ഏതാണ്ട് 27 സെന്റ് ഭൂമി ശ്രീമതി ലിജി, D/o ജയദേവൻ, പുന്നവിള എന്നിവർ അനധികൃതമായി കൈവശപ്പെടുത്തിയത് കേരള ഭൂസംരക്ഷണ നിയമ പ്രകാരം വർക്കല തഹസീൽദാർ കയ്യേറ്റം ഒഴിപ്പിച്ച് ഏറ്റെടുക്കുകയും സർക്കാർ ബോർഡ് സ്ഥാപിക്കുകയും ചെയ്തിരുന്നു. ഇതുസംബന്ധിച്ച് ശ്രീമതി ലിജി തുടർന്ന്

അപ്പീൽ എന്ന രീതിയിൽ സബ്കളക്ടർ മുമ്പാകെ ഒരു പെറ്റീഷൻ സമർപ്പിച്ചിരിക്കുകയായിരുന്നു. അതോടൊപ്പം കേരള ഹൈക്കോടതിയിലും റിട്ട് പെറ്റീഷൻ ഫയൽ ചെയ്തു. ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചതനുസരിച്ച് റവന്യൂ ഡിവിഷണൽ ഓഫീസർ ഈ കേസ് കേട്ട് തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചതിന്റെയടിസ്ഥാനത്തിൽ സബ്കളക്ടർ ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം അപ്പീൽ അപേക്ഷ തീർപ്പാക്കിയിട്ടുള്ളതായിട്ടാണ് കാണുന്നത്. സബ്കളക്ടറുടെ ഉത്തരവിൻപ്രകാരം തഹസീൽദാർ പുറപ്പെടുവിച്ച ഉത്തരവ് റദ്ദാക്കുകയും അപ്പീൽ വാദിക്ക് റീസർവ്വേ 225/2 -1-ൽ 2.20 ആർ വസ്തുവും 226/2-ൽ 01.41 ആർ വസ്തുവും ലഭിച്ചതായി കാണുന്നുവെന്നും ആകയാൽ ടിയാൾക്ക് ഭൂമി താലൂക്ക് സർവ്വെയരുടെ സഹായത്തോടെ അളന്ന് തിരിച്ച് നൽകുന്നതിന് ഉത്തരവായിരുന്നു. റവന്യൂ അധികാരികൾ സർക്കാർ ഭൂമിയാണെന്ന് കണ്ടെത്തിയതിനുശേഷം ഒരു കോടിയോളം രൂപ വില വരുന്ന 27 സെന്റ് സ്ഥലം ഏറ്റെടുത്തുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് അപ്പീൽ വാദികളെ മാത്രം കേട്ടതിനുശേഷം റദ്ദ് ചെയ്തത് സംബന്ധിച്ച് പത്ര വാർത്തകൾ വരികയും എം.എൽ.എ. ശ്രീ. വി. ജോയി വിഷയത്തെക്കുറിച്ച് അന്വേഷിക്കണമെന്ന്

ആവശ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവിന് ആധാരമായ ഫയൽ വിളിച്ചുവരുത്തി പരിശോധിച്ച് സർക്കാർ ഭൂമി സർക്കാർ ഭൂമിയായിതന്നെ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ലാന്റ് റവന്യൂ കമ്മീഷണർ ബന്ധപ്പെട്ട ഫയൽ ഏറ്റെടുത്ത് പരിശോധിച്ച് വരികയാണ്.

## കുമ്മൻതൊടു പാലം പുനരുദ്ധാരണം

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, എന്റെ നിയോജകമണ്ഡലത്തിലെ മൂന്നിയൂർ, പെരുവള്ളൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വളരെ പ്രധാനപ്പെട്ടൊരു പാലമാണ് കുമ്മൻതൊടു പാലം. അത് വീതി കൂട്ടി പുനർനിർമ്മാണം നടത്തണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. ഈ പാലം വളരെയധികം കാലപ്പഴക്കമുള്ളതാണ്. കഷ്ടിച്ച് ഒരു വാഹനത്തിന് കടന്നുപോകാവുന്ന വീതി മാത്രമേയുള്ളൂ. ഇടതടവില്ലാതെ വാഹനങ്ങൾ കടന്നു പോകുന്നൊരു റോഡാണിത്. പാലം നൽക്കുന്ന ഭാഗം വീതി കുറവും റോഡ് വീതിയുള്ളതും റബ്ബറൈസ് ചെയ്ത് മനോഹരമായിട്ടുള്ളതുമാണ്. കോഴിക്കോട്-പാലക്കാട് റോഡിനെ ബന്ധിപ്പിക്കുന്നതും കോഴിക്കോട് വിമാനത്താവളത്തിലേയ്ക്ക് പോകുന്ന

റോഡുമാണിത്. അവിടെ നിരന്തരമായി ട്രാഫിക് ജാമും അപകടങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് വീതിക്കുറവുമൂലം ഉണ്ടാകുന്ന ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിനായി ഇരുവശത്തുമുള്ള റോഡുകൾക്കനുസരിച്ച് ടി പാലത്തിന്റെ വീതി കൂട്ടി പുനർനിർമ്മാണം നടത്തണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട അംഗം അബ്ദുൽ ഹമീദ്. പി. അവർകളുടെ ഈ സബ്മിഷൻ മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കിൽ മൂന്നിയൂർ, പെരുവള്ളൂർ എന്നീ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ചേളാരി ഒളകര റോഡിലെ കുമ്മൻതൊട്ടു പാലം പുനരുദ്ധരിക്കുന്നത് സംബന്ധിച്ചുള്ളതാണ്. 50 വർഷത്തിലധികം കാലപ്പഴക്കമുള്ള പാലമാണ് കുമ്മൻതൊട്ടു പാലം. 23 മീറ്റർ നീളവും 3 മീറ്റർ വീതിയുമാണുള്ളത്. വീതി തീരെക്കുറവാണെന്ന് ഇതിൽ നിന്നും വ്യക്തമാണ്. എന്നാൽ റോഡ് വീതികൂട്ടി നിർമ്മിച്ചതിനുശേഷം കുപ്പിക്കഴുത്ത് പോലുള്ള ഈ പാലത്തിൽക്കൂടി കടന്നുപോകുന്നത് അത്യന്തം അപകടകരം തന്നെയാണ്. പാലത്തിന്റെ

പുനർനിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി നടപടി സ്വീകരിച്ചുവരികയാണ്. പാലം പുനർനിർമ്മിക്കാൻ ഭൂമി ഏറ്റെടുക്കേണ്ട ആവശ്യമില്ല. അതുകൊണ്ട് കോംപ്ലിക്കേഷനൊന്നുമില്ലാതെ തന്നെ നമുക്ക് പാലം മനോഹരമായി നിർമ്മിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

## ശമ്പള പരിഷ്കരണം

ശ്രീ. കെ. മുരളീധരൻ: സർ, 2014-ൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയപ്പോൾ ആയുർവ്വേദ മെഡിക്കൽ ഓഫീസർ, ഹോമിയോ മെഡിക്കൽ ഓഫീസർ, വെറ്ററിനറി സർജൻ എന്നീ വിഭാഗങ്ങൾക്ക് 15-ാം വർഷ സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതിൽ അപാകതയുണ്ടായിരുന്നു. പ്രസ്തുത അപാകത കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെയടിസ്ഥാനത്തിൽ ധനകാര്യവകുപ്പ് 03-08-2017-ലെ സർക്കാർ ഉത്തരവ് നം.357/2017/ധനകാര്യം പ്രകാരം 1-02-2016 മുതൽ അനുവദിച്ചു നൽകിയിരുന്നു. എന്നാൽ 04-08-2017-ൽ (ഒരു ദിവസത്തിനുശേഷം) സർക്കാർ ഉത്തരവ് നം.363/2017/ധനകാര്യം പ്രകാരം അപാകത പരിഹരിച്ചുനൽകിയ

സർക്കാർ ഉത്തരവ് അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമെന്ന കാരണത്താൽ റദ്ദാക്കി. എന്നാൽ അനുവദിച്ചുനൽകിയ തുകയിൽ 1-02-2016 മുതൽ 31-07-2017 വരെയുള്ള കുടിശ്ശിക നോഷണലായിരിക്കുമെന്ന് വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ആയുർവ്വേദ/ഹോമിയോ മെഡിക്കൽ ഓഫീസർമാർക്കും വെറ്ററിനറി സർജൻമാർക്കും അനുവദിച്ചുനൽകിയ ശമ്പള പരിഷ്കരണ ആനുകൂല്യം റദ്ദാക്കിയത് പുനഃസ്ഥാപിച്ച് നൽകണമെന്ന് അപേക്ഷിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശകൾ പ്രകാരമാണ് അഞ്ച് വർഷം കൂടുമ്പോൾ സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നത്. ഇങ്ങനെ ശമ്പളം പരിഷ്കരിക്കുമ്പോൾ ഓരോ വിഭാഗത്തിനും അവരവരുടെ ജോലിയുടെ സ്വഭാവം, പ്രാധാന്യം, യോഗ്യത മുതലായവ കണക്കാക്കിയാണ് ശമ്പളം പരിഷ്കരിച്ചുനൽകുന്നത്. എന്നാൽ ഇങ്ങനെ ശമ്പളം പരിഷ്കരിക്കുമ്പോൾ ശമ്പളം കുറയുകയോ സമാന തസ്തികകളിൽ കണക്കാക്കിയതിനെക്കാൾ ശമ്പളം കുറവായിരിക്കുന്നതിനെയാണ് അപാകതയായി കണക്കാക്കുന്നത്. ആയതിനാൽ

കരിയർ അഡ്വാൻസ് സ്കീം എന്നതിനെ പുതിയൊരു ആനുകൂല്യമായി മാത്രമേ കാണുവാൻ കഴിയുകയുള്ളൂ. അല്ലാതെ ശമ്പള പരിഷ്കരണം വഴി നിർബന്ധമായും നൽകേണ്ട ഒരു ആനുകൂല്യമല്ല. എന്നാൽ കെ.എ.ടി. പരിഗണിച്ച ഒരു കേസിൽ ബന്ധപ്പെട്ട കക്ഷികളെ നേരിട്ട് തീർപ്പാക്കാനാവശ്യപ്പെട്ട ഉത്തരവിൽ ശമ്പള സ്കെയിൽ വർദ്ധിപ്പിച്ചുനൽകാനോ ആയുർവ്വേദ/ഹോമിയോ വെറ്ററിനറി ഡോക്ടർക്ക് കരിയർ അഡ്വാൻസ് സ്കീം നടപ്പിലാക്കാനോ വ്യക്തമായ ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല. ഇത് പരിഹരിക്കാതെയാണ് 03-08-2017-ലെ ഉത്തരവ് പുറപ്പെടുവിച്ചതായി കണ്ടത്. കൂടാതെ ശമ്പള പരിഷ്കരണ ഉത്തരവിനുശേഷം ടി ഉത്തരവിൽ ഉൾക്കൊള്ളാത്തതും ശമ്പള നിർണ്ണയം, പെൻഷൻ, കമ്മ്യൂട്ടേഷൻ എന്നിവയിൽ ഗണ്യമായ വർദ്ധനവുണ്ടാക്കി വളരെയധികം സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്ന ഒരു ആനുകൂല്യം അനുവദിച്ച് നൽകുന്നത് ഇതര വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമാനമായ ആവശ്യം ഉയർന്നുവരുത്തിന് ഇടയാക്കുകയും സാമ്പത്തിക ബാദ്ധ്യത അധികരിക്കുകയും ചെയ്യുമെന്ന് കണ്ടാണ് 03-08-2017-ലെ ഉത്തരവ് പിൻവലിച്ചത്. ഇത്തരം ആവശ്യങ്ങൾ അടുത്ത ശമ്പള പരിഷ്കരണ കമ്മീഷൻ പരിഗണിക്കുന്നതായിരിക്കും

ഉചിതമെന്നാണ് സർക്കാർ കരുതുന്നത്.

ടൂറിസം വികസനം

ശ്രീ. ബി. ഡി. ദേവസ്സി: സർ, ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ മലക്കപ്പാറ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന ഷോളയാർ പട്ടികവർഗ്ഗ സർവ്വീസ് സഹകരണസംഘം നം. ആർ.332 വനവിഭവങ്ങൾ ശേഖരിച്ചും കാപ്പി, ഏലം, മഞ്ഞൾ മുതലായവ കൃഷിചെയ്തും വിഭവങ്ങൾ സംഘം വഴി വിപണനം നടത്തിയുമാണ് പ്രവർത്തിച്ചുവന്നിരുന്നത്. യഥാസമയം പണം നൽകി ആദിവാസികളിൽ നിന്ന് വനവിഭവങ്ങൾ ശേഖരിക്കുന്നതിനോ സൊസൈറ്റി വക സ്ഥലത്ത് കൃഷി ചെയ്യുന്ന കാപ്പി യഥാസമയം സംരക്ഷിച്ച് വിളവെടുക്കുന്നതിനോ സാധിക്കാത്തത് സംഘത്തിന്റെ തകർച്ചയ്ക്ക് കാരണമായി. സംഘം നിലവിൽ ഭരണസമിതിയില്ലാതെ പ്രവർത്തനരഹിതമായ അവസ്ഥയിലാണ്. ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനോ ആദിവാസി വിഭാഗത്തിൽപ്പെട്ട സെക്രട്ടറിക്ക് നാമമാത്രമായ ഓണറേറിയംപോലും നൽകാനോ കഴിയാതെ കുടിശ്ശികയായിരിക്കുകയാണ്. സ്വകാര്യ ഏജൻസികൾ കുറഞ്ഞ വിലയ്ക്കാണെങ്കിലും രൊക്കം പണം നൽകി വനവിഭവങ്ങൾ ശേഖരിക്കുന്നതിനാൽ ആദിവാസികൾ തങ്ങൾ ശേഖരിക്കുന്ന വിഭവങ്ങൾ അവർക്ക് നൽകുകയാണ്. സംഘത്തിന്

സ്വന്തമായി 203 ഏക്കറോളം ഭൂമി വനമേഖലയിലുണ്ട്. മൂന്നാറിന് തുല്യമായ കാലാവസ്ഥയുള്ള, ടൂറിസ്റ്റുകൾക്ക് ഏറെ പ്രിയപ്പെട്ട കേന്ദ്രങ്ങളിൽ ഒന്നായ മലക്കപ്പാറയിൽ അവർക്കായി യാതൊരു സൗകര്യങ്ങളും നിലവിലില്ല. ഈ സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി ഫാം ടൂറിസം, ടൂറിസം കോട്ടേജുകൾ, വനവിഭവങ്ങൾ, ആദിവാസി കരകൗശല വസ്തുക്കൾ, വാദ്യോപകരണ ഉപകരണങ്ങൾ എന്നിവയുടെ വിപണന കേന്ദ്രങ്ങൾ ഉൾപ്പെടുന്ന വിപുലമായ പ്രോജക്ട് വനം, പട്ടികവർഗ്ഗ വികസനം, കൃഷി, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളെക്കൂടി സംയോജിപ്പിച്ച് നടപ്പാക്കിയാൽ അത് തദ്ദേശീയരായ ആദിവാസി ജനവിഭാഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളും വരുമാനവും അതുവഴി മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും ഒരുക്കുന്നതിന് വഴി തെളിക്കും. ഇതിനായി സർക്കാർ നടപടി സ്വീകരിക്കണം. കൂടാതെ സംഘത്തിന്റെ ഭരണസമിതിയുടെ ഘടന പുനഃക്രമീകരിച്ച് കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുണ്ട്. ഷോളയാർ പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘത്തിന്റെ മലക്കപ്പാറയിലെ സ്ഥലം പ്രയോജനപ്പെടുത്തി കൃഷി, ടൂറിസം മേഖലയിലടക്കമുള്ള പ്രോജക്ട് നടപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ടൂറിസത്തിന്റെ ഗുണഫലങ്ങൾ തദ്ദേശീയർക്ക് ലഭ്യമാക്കുന്നതിനും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള ഉത്തരവാദിത്വ ടൂറിസം പദ്ധതി ടൂറിസം വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷിച്ച് നാട്ടുകാർക്ക് ടൂറിസം മേഖലയിൽ തൊഴിലവസരം വർദ്ധിപ്പിക്കുക എന്നത് പദ്ധതിയുടെ ഒരു പ്രധാന ലക്ഷ്യമാണ്. തദ്ദേശീയമായി ഉത്പാദിപ്പിക്കുന്ന ഗ്രാമീണ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങളും പദ്ധതിയുടെ ഭാഗമായി നടത്തിവരുന്നുണ്ട്. കോട്ടയം ജില്ലയിലെ കുമരകത്ത് വളരെ വിജയകരമായ നിലയിൽ ഉത്തരവാദിത്വ ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ ഉത്തരവാദിത്വ ടൂറിസം പദ്ധതി വ്യാപിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ സഹായത്തോടെയാണ് ഉത്തരവാദിത്വ ടൂറിസം പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത്. ഇതിന്റെ ഭാഗമായി ഉത്തരവാദിത്വ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ഷോളയാർ പട്ടികവർഗ്ഗ സഹകരണ സംഘവുമായി സഹകരിച്ച് മലക്കപ്പാറയിൽ വനവിഭവങ്ങളുടെയും കരകൗശലവസ്തുക്കളുടെയും വാദ്യോപകരണങ്ങളുടെയും വിപണന കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള സാധ്യത

ടൂറിസം വകുപ്പ് പരിശോധിക്കുന്നതാണ്. ഫാം ടൂറിസം, ഹോംസ്റ്റേ, ടെന്റഡ് അക്കോമൊഡേഷൻ എന്നിവ പ്രോത്സാഹിപ്പിക്കാൻ ഉത്തരവാദിത്വ ടൂറിസം മിഷൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം മലക്കപ്പാറയിലെ ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി പരിഗണിക്കുന്നതാണ്. പട്ടികവർഗ്ഗ സംഘത്തിന്റെ കൈവശമുള്ള സ്ഥലം പ്രയോജനപ്പെടുത്തി ആ നാടിന് അനുയോജ്യമായ ഒരു ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കുന്നതാണ്. ഷോളയാർ പട്ടികവർഗ്ഗ സഹകരണസംഘത്തിന്റെ ഘടന പുനഃക്രമീകരിച്ച് സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

## മരങ്ങൾ മുറിക്കാനുള്ള അനുമതി

ശ്രീ. പി. സി. ജോർജ് : സർ, ഇന്ന് കേരളത്തിലെ മലയോരമേഖലയിൽ അധിവസിക്കുന്ന കർഷകന്റെ മനസ് പ്രക്ഷുബ്ധമാണ്. അതിന് കാരണം നമ്മുടെ വനം വകുപ്പാണ്. വനം സംരക്ഷിക്കപ്പെടണം, ഒരു സംശയവും വേണ്ട, ഇരുപത്തിയൊന്ന് ശതമാനം വനമുണ്ട്. പ്രത്യേകിച്ച് ഇടുക്കി ജില്ല. എന്റേത് മലയോര മേഖലയായ കോട്ടയമാണ്. കൃഷിക്കാർ നട്ടുവളർത്തുന്ന മരങ്ങൾപോലും വെട്ടാൻ സാധിക്കില്ലെന്നുവന്നാൽ എങ്ങനെ മുന്നോട്ട് പോകാൻ സാധിക്കും? വെള്ളത്തൂവൽ

പഞ്ചായത്തിന്റെ സമരപ്രഖ്യാപന കൺവെൻഷൻ മീറ്റിംഗിന്റെ നോട്ടീസാണ് എന്റെ കൈവശമിരിക്കുന്നത്, വലിയ സമരമുണ്ടാകാൻ പോകുകയാണ്. രാജാക്കാട് പഞ്ചായത്തിന്റെയും ബൈസൺവാലി പഞ്ചായത്തിന്റെയും മീറ്റിംഗ് നോട്ടീസാണ് എന്റെ കൈവശമിരിക്കുന്നത്. ഇടുക്കി ജില്ലയിലെ മൂന്ന് പഞ്ചായത്തുകളുടെ കാര്യങ്ങളാണ് പറഞ്ഞത്, ഇതിൽ പ്രധാനപ്പെട്ട കാര്യം, എല്ലാ കൃഷിക്കാർക്കും നൽകുന്ന പട്ടയം ഉപാധിരഹിതമാണെന്ന് ഇന്ന് റവന്യൂ വകുപ്പുമന്ത്രി സഭയിൽ മറുപടി പറഞ്ഞു. അത് സത്യമാണോ? ഇടുക്കി ജില്ലയിലെ പട്ടയം റൂൾ 64 അനുസരിച്ചാണ് നൽകുന്നത്. ഉപാധിയുണ്ട്, അതിലെ മരം വെട്ടാൻ പാടില്ല. പുരയ്ക്കകത്ത് നിറഞ്ഞ് നിൽക്കുന്ന മകളെ നോക്കിയശേഷം അപ്പൻ നേരെ ആഞ്ഞിലിയുടെയും പ്ലാവിന്റെയും നേരെയാണ് നോക്കുന്നത്, മകൾ വളരുന്നതനുസരിച്ച് ആ മരവും വളരുന്നല്ലോയെന്ന്, ആ മരം വെട്ടി വിറ്റ് അവളെ കെട്ടിച്ചയയ്ക്കാമെന്ന് വിചാരിക്കുകയാണ്. ഈ മുടിഞ്ഞ ഫോറസ്റ്റുകാർ അതിനും സമ്മതിക്കില്ല. പിന്നെ എങ്ങനെ മുന്നോട്ട് പോകും. വനം വകുപ്പുമന്ത്രി, ശ്രീ. രാജു ഒരു നല്ല മനുഷ്യനാണ്. പക്ഷേ ഫോറസ്റ്റുകാർക്ക് ഭയപ്പെടേണ്ട. അവർക്ക് മന്ത്രിയെയൊന്നും ഒരു പേടിയുമില്ല. അവർ അവരുടെ തീരുമാനം നടപ്പാക്കുകയാണ്. ഈയിടെ ശ്രീ. ജോർജ് എം. തോമസ് നിയമസഭയിൽ പറഞ്ഞല്ലോ പാവപ്പെട്ടവരെ

പിടിച്ച് ഇടിച്ച് ഇഞ്ച പരുവമാക്കിയെന്ന്, ഇതൊക്കെ ആര് കൊടുത്തിരിക്കുന്ന അധികാരമാണ്. അധികാരം വിട്ട് വനംവകുപ്പ് ഉദ്യോഗസ്ഥരുടെ ഈ നീക്കം, ഈ പ്രവണത അനുവദിച്ചുകൊടുക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയത്തിൽ ശക്തമായി ഇടപെടണം. പ്ലാവ് ഉൾപ്പെടെയുള്ള മരങ്ങൾ വെട്ടാനുള്ള അവകാശം, കൃഷിക്കാരൻ നട്ടുവളർത്തുന്ന മരങ്ങൾ എന്താണെങ്കിലും അവ പൂർണ്ണമായി വെട്ടിയെടുക്കാനുള്ള സ്വാതന്ത്ര്യം അവർക്ക് കൊടുക്കണം. വെള്ളത്തൂവൽ, രാജാക്കാട്, ബൈസൺവാലി എന്നീ പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള ഇടുക്കി മേഖലയിലെ കർഷകർ ഉൾപ്പെടെ മുഴുവൻ കൃഷിക്കാരുടെയും വേദനയ്ക്ക് പരിഹാരമുണ്ടാക്കാനുള്ള സത്വര നടപടി ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും പ്രതീക്ഷിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ( ശ്രീ. കെ. രാജു): സർ, ബഹുമാന്യനായ അംഗത്തിന്റെ സബ്മിഷനിൽ പറയുന്നത്, കേരളത്തിലെ കാർഷികമേഖല വലിയ പ്രതിസന്ധി നേരിടുകയാണ്, അവരുടെ വേദനകൾക്ക് വനനിയമങ്ങൾ കൂടുതൽ ശക്തിപകരുന്നു. കർഷകർ നട്ട് വളർത്തുന്ന മരങ്ങൾ വെട്ടിയെടുക്കാനുള്ള അവകാശങ്ങൾ പോലും അവനില്ല...... ഇങ്ങനെയാണ് അദ്ദേഹത്തിന്റെ സബ്മിഷന്റെ തുടക്കം. കേരളത്തിൽ മാത്രമല്ല, രാജ്യത്താകെ

കാർഷികമേഖല പ്രതിസന്ധിയിലാണ് എന്നുള്ളത് വാസ്തവമാണ്. എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി കർഷകന് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലുള്ള നിയമങ്ങളും ചട്ടങ്ങളും ലഘൂകരിക്കുന്നതിനുള്ള നടപടികളാണ് വനം വകുപ്പ് സ്വീകരിച്ചുവരുന്നത്. 2005-ലെ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമവും 2011-ലെ അതുസംബന്ധമായ ചട്ടങ്ങളും ചന്ദനം മുറിക്കലുമായി ബന്ധപ്പെട്ട 2010-ലെ കേരള വനഭേദഗതി നിയമവും അനുസരിച്ച് പുറപ്പെടുവിച്ച 2012-ലെ ചട്ടങ്ങളും പട്ടയഭൂമിയിലെയും ഗിരിജൻ സെറ്റിൽമെന്റിലെയും പ്ലാവ്, ആഞ്ഞിലി തുടങ്ങിയ മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 2015, 2017 എന്നീ വർഷങ്ങളിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളും ഇതിന് ഉദാഹരണമാണ്. വനം വകുപ്പ് നിലവിലുണ്ടായിരുന്ന നിയമങ്ങൾ ലഘൂകരിച്ച് കൊണ്ടുവരികയാണ്. പൊതുവെ പട്ടയഭൂമികളിൽ കർഷകൻ നട്ട് വളർത്തിയ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിന് വനം വകുപ്പിന്റെ ഭാഗത്തുനിന്നും നിരോധനം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ 1986-ലെ വൃക്ഷ പരിപാലനിയമത്തിലെ 5-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള CHR, പള്ളിവാസൽ അൺ റിസർവ്, ചിന്നക്കനാൽ അൺറിസർവ് എന്നീ മേഖലകളിൽപ്പെടുന്ന ഏലപ്പട്ടയത്തിലും ഏലപ്പാട്ട ഭൂമികളിലും ഉൾപ്പെടുന്ന മരങ്ങൾ മുറിക്കുന്നതിന് ചില

നിയന്ത്രണങ്ങളുണ്ട്. ഏലപ്പട്ടയം, ഏലപ്പാട്ട ഭൂമികളിൽ ടി നിയമത്തിലെ സെക്ഷൻ 5-ഉം കാർഡമം റൂൾസ് പ്രകാരമുള്ള നിബന്ധനകൾക്കും വിധേയമായ മരംമുറിയാണ് അനുവദിച്ചിട്ടുള്ളത്. ഉടമസ്ഥാവകാശമുള്ള ഭൂമിയിലെ ചന്ദനമരം 2010-ലെ കേരള വനഭേദഗതി നിയമം അനുസരിച്ച് പുറപ്പെടുവിച്ച 2012-ലെ ചട്ടങ്ങൾ പ്രകാരം ഉണങ്ങിയതോ കാറ്റത്ത് വീണതോ ജീവനും സ്വത്തിനും ഭീഷണിയായതോ സ്ഥലം ഉടമസ്ഥന് സ്വന്തം ആവശ്യത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടിയോ ആണെങ്കിൽ ആതറൈസ്ഡ് ഓഫീസറുടെ അനുമതിയോടുകൂടി വനം വകുപ്പ് ശേഖരിച്ച് അംഗീകൃത ചന്ദന ഡിപ്പോയിൽ എത്തിച്ച് വിറ്റതിനുശേഷം ശേഖരണത്തിനും വിൽപ്പനയ്ക്കും ചെലവാകുന്ന തുക കഴിച്ച് ബാക്കി ലേലത്തുക ഉടമസ്ഥന് ലഭ്യമാക്കുന്നതാണ്. ഗിരിജൻ സെറ്റിൽമെന്റിൽ താമസിക്കുന്ന ഗിരിജനങ്ങൾക്ക് സ്വന്തം ഭവന നിർമ്മാണത്തിനും മരം മുറിക്കാം. മക്കളുടെ വിവാഹം, ചികിത്സ തുടങ്ങിയ മറ്റ് ആവശ്യങ്ങൾക്കായി കൈവശ രേഖയുള്ള ഭൂമിയിൽ നിന്ന് പ്ലാവ്, ആഞ്ഞിലി തുടങ്ങിയ മരങ്ങൾ, 27-5-2017-ലെ സർക്കാർ ഉത്തരവിൽ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി മുറിച്ച് ഉപയോഗിക്കാവുന്നതാണ്. സംസ്ഥാനത്തെ വനഭൂമിയിലെ 1-1-1977-ന് മുമ്പുള്ള കയ്യേറ്റങ്ങൾ ക്രമീകരിക്കുന്നതിന്റെ ഭാഗമായി ഇടുക്കിയിലെ സി.എച്ച്.ആർ. മേഖലയിൽ

20363.159 ഹെക്ടർ സ്ഥലത്തിന് പട്ടയം നൽകുന്നതിനുള്ള കേന്ദ്രാനുമതി വളരെ മുമ്പേ ലഭിച്ചിട്ടുള്ളതാണ്. സി.എച്ച്.ആർ. മേഖലയിലെ പട്ടയ വിതരണത്തിൽ വനം വകുപ്പിന്റെ ഭാഗത്തുനിന്ന് തടസ്സങ്ങൾ ഉണ്ടാകുകയില്ല.